(സി)&(ഡി) 2.46 ലക്ഷം രൂപ 29 പേർക്ക് നല്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുത്തു കൊടുക്കുന്നതിനുള്ള കാലതാമസം

120 (1408)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനത്തിനായി സംസ്ഥാനത്തിന് അനുവദിക്കുന്ന പ്രധാന പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്തു കൊടുക്കുന്നതിനുള്ള കാലതാമസം പദ്ധതികൾ നഷ്ടപ്പെടുവാൻ ഇടയാക്കുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലുവ-അങ്കമാലി നാലുനിര റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നുവന്നിരുന്ന ആലുവ എൻ.എച്ച്. സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് പ്രവർത്തനം നിർത്തിവച്ച് തിരുവനന്തപുരത്തേയ്ക്ക് മാറ്റപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഓഫീസ് മാറ്റുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) തൻമൂലം ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകാനിടയാകും എന്നത് കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് ആലുവയിൽ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഭൂമി ഏറ്റെടുത്തു നൽകുന്നതിൽ ഉണ്ടാകുന്ന വീഴ്ചകളും കാലതാമസവുംമൂലം കേന്ദ്രപദ്ധതികൾ നഷ്ടപ്പെടുവാനിടയാകും എന്നതിനാൽ ഇത്തരം പ്രവർത്തനങ്ങളിൽ വീഴ്ചകൾ വരുത്തുന്നവർക്കെതിരെ അന്വേഷണം നടത്തി നടപടിയെടുക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഇക്കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുതൽ (ഡി) വരെ ആലുവ (എൽ.എച്ച്) സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് പ്രവർത്തനം നിർത്തിവച്ച് തിരുവനന്തപുരത്തേയ്ക്ക് മാറ്റിയിട്ടില്ല. തിരുവനന്തപുരത്ത് ദേശീയ പാതയെ സംബന്ധിച്ച് ചില അടിയന്തിര ജോലികൾ ചെയ്തു തീർക്കുന്നതിന് പ്രസ്തുത ഓഫീസിലെ ചില തസ്തികകൾ മാറ്റി താൽക്കാലികമായി പുനർവിന്യസിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം മാറ്റിയ തസ്തികകൾ കഴിഞ്ഞ് ബാക്കി തസ്തികകളിൽ ഉദ്യോഗസ്ഥർ അവിടെ തുടരുന്നുണ്ട്. പ്രസ്തുത ഓഫീസിൽ ജോലിഭാരം കൂടുകയാണെങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് ജോലികൾ തീർപ്പാക്കാൻ കഴിയും.

(ഇ) വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly